ഫോർട്ട്കൊച്ചി പീപ്പിൾസ് റെസ്റ്റ് ഹൗസ് നാളെ പൊതുജനങ്ങൾക്കായി തുറന്ന് നൽകും

മട്ടാഞ്ചേരി: കഴിഞ്ഞ നവമ്പറിൽ ടൂറിസം മന്ത്രി മുഹമ്മദ് റിയാസ് നിർമാണോദ്ഘാടനം നിർവഹിച്ച ഫോർട്ട്കൊച്ചിയിലെ പീപ്പിൾസ് റസ്റ്റ് ഹൗസ് ഒരുങ്ങി. പൊതുജനങ്ങൾക്ക് കുറഞ്ഞ ചിലവിൽ താമസ സൗകര്യം ഒരുക്കുന്ന പീപ്പിൾസ് റസ്റ്റ്ഹൗസ് പദ്ധതി ആരംഭിക്കുന്നതോടെ ടൂറിസം മേഖലക്ക് അത് പുത്തനുണർവാകും.ഒരു കോടി 45 ലക്ഷം രൂപ വിനിയോഗിച്ചാണ് ഫോർട്ടുകൊച്ചി റസ്റ്റ് ഹൗസ് നവീകരിച്ചത്.ഫോർട്ടുകൊച്ചി കടപ്പുറത്തോട്
ചേർന്ന് ചരിത്ര കെട്ടിടവും ,പുതിയ കെട്ടിടവുമടങ്ങുന്ന റസ്റ്റ് ഹൗസ് സമുച്ചയമാണ് നവീകരിച്ച് മനോഹരമാക്കിയത്.കോളോണിയൽ കാലഘട്ടത്തിലെ അധികാരികളുടെ വിശ്രമ കേന്ദ്രമായിരുന്ന റസ്റ്റ്ഹൗസ് സ്വാതന്ത്രാനന്തരം സർക്കാർ അതിഥി മന്ദിരമാക്കി മാറ്റുകയായിരുന്നു. കേരള വാസ്തു ശൈലിയിൽ രണ്ടു മുറികൾ അടുക്കള അതിഥി മുറി എന്നിവയടങ്ങുന്ന പുരാതന കെട്ടിടത്തിലിരുന്നാൽ പരന്നു കിടക്കുന്ന കടപ്പുറവും കടൽ കാറ്റും കൊണ്ടുള്ള കാഴ്ച ഏറെ ആകർഷകമാണ്. കെട്ടിടം 1962 ൽ നവീകരിച്ചു, തുടർന്ന് 2006 ൽ ഇതിനോട് ചേർന്ന് മൂന്ന്മുറികളും ഓഫിസും ഹാളുമടങ്ങുന്ന പുതിയ കെട്ടിടവും നിർമിച്ച് ആകർഷകമാക്കിയെങ്കിലും സുരക്ഷിതത്വമില്ലാത്തതും , കുറഞ്ഞ സൗകര്യങ്ങളും ,ബുക്കിങ്ങ് തടസങ്ങളും മൂലം വിനോദ സഞ്ചാരികൾ സർക്കാർ റസ്റ്റ്ഹൗസിനെ അവഗണിക്കാനിടയാക്കി. ചരിത്ര വിദ്യാർഥികളും വിദേശികളും ഫോർട്ടുകൊച്ചി റസ്റ്റ്ഹൗസിനെ ചരിത്ര പഠന വിഷയമാക്കിയതോടെയാണ് പൊതുമരാമത്ത് വകുപ്പ് നവീകരിക്കുന്ന 30 റസ്റ്റ്ഹൗസ് പട്ടികയിൽ ഫോർട്ടുകൊച്ചി റസ്റ്റ് ഹൗസും ഉൾപ്പെടുത്തിയത്.പ്രധാന ടൂറിസം കേന്ദ്രമായ ഫോർട്ട്കൊച്ചിയിലെത്തുന്ന സഞ്ചാരികൾക്ക് ഏറെ പ്രയോജനകരമാകും റസ്റ്റ് ഹൗസ് നവീകരണം. ഫോർട്ട് കൊച്ചി ബീച്ചിന് അഭിമുഖമായുള്ള രണ്ട് റസ്റ്റ് ഹൗസ് കെട്ടിടങ്ങളും നവീകരിക്കണമെന്ന സഞ്ചാരികളുടെ ഏറെക്കാലത്തെ ആവശ്യമാണ് യാഥാർഥ്യമാകുന്നത്.19 ന് വൈകിട്ട് നാല് മണിക്ക് നടക്കുന്ന ചടങ്ങിൽ പൊതുമരാമത്ത് ടൂറിസം വകുപ്പ്മന്ത്രി മുഹമ്മദ് റിയാസ് റസ്റ്റ് ഹൗസ് പൊതുജനങ്ങൾക്കായി തുറന്ന് നൽകും.

തെരഞ്ഞെടുപ്പിൽ വിജയിച്ച മഹാരാജാസ് കോളേജിലെ എസ്എഫ്ഐ പ്രവർത്തകരുടെ വിജയാഹ്ലാദം.

● മനു ഷെല്ലി

സെൻസറി ഗാർഡൻ ഉദ്ഘാടനം ഇന്ന്

കോതമംഗലം : ഭിന്നശേഷിക്കാരായ കുട്ടികളുടെ സംവേദനാത്മകമായ കഴിവുകളുടെ വികാസം പരിപോഷിക്കാനായി കോതമംഗലം പീസ് വാലിയിൽ പുതുതായി നിർമിച്ച സെൻസറി ഗാർഡൻ ഉദ്ഘാടനം ഇന്ന് വെള്ളിയാഴ്ച വൈകിട്ട് 4 മണിക്ക് നടക്കും.
സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ സാമൂഹിക പ്രതിബദ്ധത ഫണ്ടിൽ നിന്നുള്ള സഹായത്തോടെയാണ് സെൻസറി ഗാർഡൻ നിർമിച്ചത്.

കുരങ്ങു ശല്യം രൂക്ഷം

കോതമംഗലം: വടാട്ടുപാറ റോക്ക് ജങ്ഷനിൽ വടുതലായിൽ ലീല പിതാംബരന്റെ വീടിന് നേരെ കുരങ്ങുകളുടെ കൂട്ടം ചേർന്നുള്ള ആക്രമണം. ടെലിവിഷൻ ഉൾപ്പെടെയുള്ളവ തട്ടി താഴെ തള്ളിയിട്ട് നശിപ്പിച്ചു. നിരവധി വീട്ടുപകരണങ്ങളും തകർത്തു.തൊഴിലുറപ്പ് ജോലി കഴിഞ്ഞ് ലീല തിരിച്ചുവന്നപ്പോൾ കുരങ്ങുകൾ കൂട്ടത്തോടെ വീട്ടിൽ നിന്ന് ഓടി അക ലുന്നതാണ് കണ്ടത്.
അടുത്തിടെ തവണ വ്യവസ്ഥയിൽ വാങ്ങിയ ടി. വിയാണ് കുരങ്ങുകൾ നശിപ്പിച്ചത്. വടാട്ടുപാറയിൽ കാട്ടാന ശല്യം വ്യാപകമാണ്.

കുടിശിക 47.84 ലക്ഷം രൂപ: പാട്ടക്കരാർ റദ്ദ് ചെയ്തു

ആലുവ റെസ്റ്റ് ഹൗസ്

സർക്കാർ തിരിച്ചുപിടിച്ചു

കൊച്ചി: ദീർഘകാലത്തേക്ക് സ്വകാര്യ പാട്ടത്തിനു നൽകിയ ആലുവ പൊതുമരാമത്ത് വകുപ്പിന്റെ റെസ്റ്റ് ഹൗസ് (മഹാനാമി ഹോട്ടൽ) സംസ്ഥാന സർക്കാർ തിരികെ പിടിച്ചു. റെസ്റ്റ് ഹൗസ് ഉടൻ ഏറ്റെടുക്കാനും റിപ്പോർട്ട് നൽകാനും പൊതുമരാമത്ത് വകുപ്പ് ചീഫ് എൻജിനീയറെ സർക്കാർ ചുമതലപ്പെടുത്തി.
മഹാനാമി ഹോട്ടലിന്റെ പാട്ടക്കരാർ റദ്ദ് ചെയ്തതായുള്ള സർക്കാർ ഉത്തരവ് ചൊവ്വാഴ്ച പുറത്തിറക്കി. 2003ലാണ് പൊതുമരാമത്ത് വകുപ്പിന്റെ പക്കൽനിന്ന് ആലുവ റെസ്റ്റ് ഹൗസ് 30 വർഷത്തേക്ക് മൂവാറ്റുപുഴ മഹാനാമി ഹെറിറ്റേജ് ഹോട്ടൽസ് പ്രൈവറ്റ് ലിമിറ്റഡ് പാട്ടത്തിന് ഏറ്റെടുക്കുന്നത്. റെസ്റ്റ് ഹൗസിനോടു ചേർന്നുള്ള അധിക ഭൂമി 2005ൽ കൈമാറി. പുനരുദ്ധരിക്കുക, അറ്റകുറ്റപ്പണി നടത്തുക, പ്രവർത്തിപ്പിക്കുക, കൈമാറ്റം ചെയ്യുക എന്ന അടിസ്ഥാനത്തിലാണ് റെസ്റ്റ് ഹൗസ് പാട്ടത്തിന് നൽകിയത്. കരാർപ്രകാരം നൽകേണ്ട പണയത്തുക ആദ്യകാലത്ത് കൃത്യമായി നൽകിയെങ്കിലും പിന്നീട് മുടങ്ങി. 15 ശതമാനം പലിശ ഉൾപ്പെടെ സർക്കാരിലേക്ക് നൽകേണ്ട തുക 47.84 ലക്ഷം രൂപയായി. ഇതോടെ 2014ൽ കരാറുകാരനെ ഒഴിവാക്കി സർക്കാർ നോട്ടീസ് നൽകി.
തുക ലഭിക്കാതായതോടെ 2015 ഏപ്രിൽ 16ന് പാട്ടക്കരാർ സർക്കാർ റദ്ദ് ചെയ്തു. ഇതിനെതിരേ ഹോട്ടൽ ഉടമ ഹൈക്കോടതിയെ സമീപിച്ചു. ഹർജിയിൽ കഴിഞ്ഞ ഓഗസ്റ്റ് എട്ടിന് വിധി പറഞ്ഞ ഹൈക്കോടതി, കരാറുകാരന് കാരണം കാണിക്കൽ നോട്ടീസ് നൽകാനും പണമടയ്ക്കാൻ രണ്ടാഴ്ച കൂടി സമയം അനുവദിക്കാനും നിർദേശിച്ചു. അനുവദിച്ച സമയത്തിനുള്ളിൽ പണമടയ്ക്കാൻ കരാറുകാരന് സാധിച്ചില്ല. ഈ സാഹചര്യത്തിൽ റെസ്റ്റ് ഹൗസ് തിരിച്ചുപിടിക്കാൻ സർക്കാർ ഉത്തരവ് ഇറക്കുകയായിരുന്നു.

കോതമംഗലം താലൂക്ക് ആശുപത്രിയിൽ പൊലീസ് സർജനെ നിയമിക്കണം: ഷിബു തെക്കുംപുറം

കോതമംഗലം: താലൂക്ക് ആശുപത്രിയിൽ പോസ്റ്റ്മോർട്ടം നടപടികൾക്ക് അടിയന്തരമായി പോലീസ് സർജനെ നിയമിക്കണമെന്ന് യു.ഡി.എഫ്. ജില്ലാ കൺവീനർ ഷിബു തെക്കുംപുറം ആവശ്യപ്പെട്ടു. കോതമംഗലത്തും സമീപപ്രദേശങ്ങളിലും ഉണ്ടാകുന്ന അപകടകങ്ങളും മരണങ്ങളും പോസ്റ്റ്മോർട്ടത്തിന് നടത്തേണ്ട സാഹചര്യം ഉണ്ടാകുമ്പോൾ മുവാറ്റുപുഴ, കളമശ്ശേരി ആശുപത്രികളെയാണ് ആ ശ്രയിക്കുന്നത്.
കോതമംഗലം മണ്ഡലത്തിലെ കിഴക്കൻ മേഖലയായ പൂയംകുട്ടിയും മാമലക്കണ്ടവും അടക്കമുള്ള നിരവധി ആദിവാസി മേഖലകൾ അടങ്ങുന്ന കുട്ടമ്പുഴ പഞ്ചായത്ത് അടക്കമുള്ള പ്രദേശങ്ങളിൽ നിന്നും, മറ്റു സ്ഥലങ്ങളിൽ നിന്നും കോതമംഗലം ഗവ. ആശുപത്രിയിൽ എത്തുന്ന ഇത്തരം കാര്യങ്ങളിൽ വളരെയേറെ ബുദ്ധിമുട്ടാണ് ഉണ്ടാകുന്നത്.
ജനങ്ങളുടെ ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് വേണ്ടി അടിയന്തരമായി പോലീസ് സർജനെ നിയമിക്കണമെന്ന് ആവശ്യപ്പെട്ട് മുഖ്യമന്ത്രി, ആരോഗ്യ മന്ത്രി, ചീഫ് സെക്രട്ടറി എന്നിവർക്ക് നിവേദനം നൽകിയിട്ടുള്ളതായും യു.ഡി.എഫ്. കൺ വീനർ ഷിബു തെക്കുംപുറം പറഞ്ഞു.

മുല്ലപ്പെരിയാർ ഡാം ഡി- കമ്മീഷൻ ചെയ്യണം

കൊച്ചി: അപകടാവസ്ഥയിലുള്ള മുല്ലപ്പെരിയാർ ഡാം ഡീകമ്മീഷൻ ചെയ്യണമെന്നും പുതിയ ഡാം നിർമ്മിക്കണമെന്നും ആവശ്യപ്പെട്ട് കേരള വൈഎംസിഎയുടെ നേതൃത്വത്തിൽ 20ന് സപ്തതി സമാധാന സന്ദേശ യാത്ര സംഘടിപ്പിക്കുമെന്ന് റീജീയണൽ ചെയർമാൻ ജോസ്നെറ്റിക്കാടൻ കൊച്ചിയിൽ വാർത്താ സമ്മേളനത്തിൽ അറിയിച്ചു. മുല്ലപ്പെരിയാർ ഡാം ഡീകമ്മീഷൻ ചെയ്യണമെന്നും പുതിയ ഡാം നിർമ്മിക്കണമെന്നും ആവശ്യപ്പെട്ടുള്ള ഒരു ലക്ഷം പേർ ഒപ്പിട്ട ഭീമഹർജി രാഷ്ട്രപതിക്ക് സമർപ്പിക്കും. കാസർഗോഡ് മാന്തോപ്പ് മൈതാനിയിൽ നിന്നും 20 ന് ആരംഭിക്കുന്ന യാത്ര വൈഎംസിഎ മുൻ പ്രസിഡന്റ് ജസ്റ്റിസ് ജെ ബി കോശി ഫ്ലാഗ് ഓഫ് ചെയ്യും. 28 ന് തിരുവനന്തപുരത്ത് എത്തുന്ന യാത്രയെ ശശി തരൂർ എം പി സ്വീകരിക്കും. സമാധാന സന്ദേശ യാത്രയുടെ സമാപനം നവംബർ 3ന് വൈഎംസിഎ ആലുവ ക്യാംപ് സെന്ററിൽ നടക്കും. കേരള ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ,സീറോ മലബാർ സഭ മേജർ ആർച്ച് ബിഷപ്പ് റാഫേൽ തട്ടിൽ,രാഷ്ട്രീയ സാമൂഹിക ആത്മീയ രംഗത്തെ മറ്റ് പ്രമുഖരും പങ്കെടുക്കും.
കേരള വൈഎംസിഎ രൂപീകൃതമായി സപ്തതി അഘോഷിക്കുന്ന വേളയിൽ കേരള റീജിയന്റെ നേതൃത്വത്തിൽ വൃക്കരോഗികൾക്ക് 50000 ഡയാലിസിസ് കിറ്റുകൾ വിതരണം ചെയ്യും. വയനാട് പുനരധിവാസത്തിനായി 25 വീടുകളും നിർമ്മിച്ച് നൽകും.
വാർത്താ സമ്മേളനത്തിൽ വൈസ് ചെയർമാൻ വർഗീസ് ജോർജ് പള്ളിക്കര,ചീഫ് കോർഡിനേറ്റർ കുര്യൻ തൂമ്പുങ്കൽ,എറണാകുളം സബ് റീജിയൻ ചെയർമാൻ ഐജു എ ജേക്കബ് എന്നിവർ പങ്കെടുത്തു.

ജൻഡർ ന്യൂട്രൽ യൂണിഫോം നടപ്പാക്കി എറണാകുളം ഗവ. ഗേൾസ് എൽ പി സ്കൂൾ

കൊച്ചി : എറണാകുളം ഗവ ഗേൾസ് എൽ പി സ്കൂളിൽ ആഴ്ചയിലൊരു ദിവസം വിദ്യാർത്ഥികൾക്കായി ജന്റർ ന്യൂട്രൽ യൂണിഫോം നടപ്പിലാക്കി . ബുധനാഴ്ച ദിവസങ്ങളിൽ ധരിക്കുന്നതിനായി സ്കൂൾ പിടിഎ എല്ലാ വിദ്യാർത്ഥികൾക്കും സൗജന്യമായി യൂണിഫോമുകൾ വിതരണം ചെയ്തു .
ജന്റർ ന്യൂട്രൽ യൂണിഫോം പദ്ധതി ഉദ്ഘാടനം കൊച്ചി നഗരസഭ വികസന കാര്യ സ്ഥിരം സമിതി ചെയർമാൻ പി ആർ റെനീഷ് ഉദ്ഘാടനം ചെയ്തു . പി ടി എ പ്രസിഡന്റ് സിജു പി എൻ അധ്യക്ഷനായിരുന്ന ചടങ്ങിൽ ഗേൾസ് ഹയർ സെക്കണ്ടറി സ്കൂൾ പ്രിൻസിപ്പൽ മിനി റാം , ഗേൾസ് ഹൈസ്കൂൾ പ്രധാനാധ്യാപിക ഡയാന സി എ , ഗേൾസ് യു പി സ്കൂൾ ഹെഡ്മിസ്ട്രസ്സ് ആശ ടി , ഗേൾസ് ഹയർ സെക്കൻഡറി സ്കൂൾ പി ടി എ പ്രസിഡന്റ് ഡോ സുമി ജോയി ഓലിയപ്പുറം , ഗേൾസ് യു പി സ്കൂൾ എസ് എം സി ചെയർപേഴ്സൻ ഐഷു വിജയൻ , പി ടി എ വൈസ് പ്രസിഡന്റ് സന്ദീപ് ഡി , എം പി ടി എ പ്രസിഡന്റ് സി എസ് സുജ ,വൈസ് പ്രസിഡന്റ് സൈറാബി ടി എസ് , എസ് എം സി വൈസ് ചെയർപേഴ്സൻ അശ്വനി അരവിന്ദ്,സീനിയർ ടീച്ചർ സുധീർ എൻ ആർ തുടങ്ങിയവർ പങ്കെടുത്തു.

ഡിജിറ്റൽ പ്ലാറ്റ് ഫോം ഉദ്ഘാടനം

മൂവാറ്റുപുഴ: മൂവാറ്റുപുഴ അർബൻ സഹകരണ ബാങ്ക്ഇടപാടുകാർക്ക് ആധുനിക സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി പുതുതായി ആരംഭിക്കുന്ന ഡിജിറ്റൽ പ്ലാറ്റ് ഫോമിന്റെ ഉദ്ഘാടനം ഇന്ന് മൂന്ന് മണിക്ക് നടക്കും. ബാങ്ക് ഓഡിറ്റോറിയത്തിൽ നടക്കുന്ന യോഗത്തിൽ റിസർവ് ബാങ്ക്ഓഫ് ഇന്ത്യയുടെ ജനറൽ മാനേജർ ഷൈനി സുനിൽ ഉദ്ഘാടനം ചെയ്യും. ബാങ്ക് ചെയർമാൻ അഡ്വ. എ.എ. അൻഷാദ് അധ്യക്ഷത വഹിക്കും. ലോഗോ പ്രകാശനം കേരള ബാങ്ക് പ്രസിഡന്റ് ഗോപി കോട്ടമുറിക്കലും, സോളാർ വായ്പ വിതരണ ഉദ്ഘാടനം പി.ആർ. മുരളീധരനും, ഇലക്ട്രിക് വാഹന വായ്പ വിതരണ ഉദ്ഘാടനം സി.കെ സോമനും നിർവഹിക്കും.

ഇൻഫ്ളോറെ-24ന് ഇന്ന് തുടക്കം

കൊച്ചി: രാജഗിരി കോളജ് ഓഫ് സോഷ്യൽ സയൻസസും രാജഗിരി ബിസിനസ് സ്കൂളും സംയുക്തമായി സംഘടിപ്പിക്കുന്ന ഇന്ത്യയിലെ മുൻനിര ബിസിനസ് സ്കൂൾ ഫെസ്റ്റായ 'ഇൻഫ്ളോറെ'യുടെ 20-ാമത് എഡിഷൻ ഇൻഫ്ളോറെ - 24 ന് ഇന്ന് കാക്കനാട് രാജഗിരി വാലി ക്യാമ്പസിൽ തിരിതെളിയും. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിലെ 100 ഓളം കോളജുകളിൽ നിന്നായി 3000 വിദ്യാർത്ഥികൾ പങ്കെടുക്കുമെന്ന് കോളെജ് അസോസിയേറ്റ് ഡയറക്ടർ ഫ്രാൻസീസ് മണവാളൻ സിഎംഐ,ഡോ.സൂസൻ മാത്യൂ എന്നിവർ വാർത്താ സമ്മേളനത്തിൽ അറിയിച്ചു.
'അറ്റ്ലാന്റിസ്' എന്നതാണ് ഇൻഫ്ളോറെ-24ന്റെ പ്രമേയം. മാനേജുമെന്റ്, മാനേജുമെന്റ് ഇതര വിഭാഗങ്ങളിലായി 20 ഇവന്റുകൾ ഇൻഫ്ളോറെയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. മാനേജുമെന്റ് ഇവന്റുകളായ ബെസ്റ്റ് മാനേജർ, ഫിനാൻസ് ഗെയിം, അനലിറ്റിക് ഗെയിം തുടങ്ങിയവ ഇന്നും നാളെയും മാനേജുമെന്റ് ഇതര ഇവന്റുകളായ 3-സ് ഫുഡ്ബോൾ, 3-സ് ബാസ്ക്കറ്റ്ബോൾ, ഗ്രൂപ്പ് ഡാൻസ്, കോർപ്പറേറ്റ് വോക്ക് എന്നിവയും നടക്കും. ഡോൾഫിൻ ഷിപ്പങ് ലൈൻ (യു.കെ ലിമിറ്റഡ്)ന്റെ സഹകരണത്തോടെയാണ് ഫെസ്റ്റ് സംഘടിപ്പിക്കുന്നത്.
വാർത്താ സമ്മേളനത്തിൽ ഫോറം ഓഫ് രാജഗിരി മാനേജുമെന്റ് സ്റ്റുഡന്റ്സ് ചെയർമാൻ അർജുൻ വി എസ്, മുഹമ്മദ് ഉവൈസ്,അബാദ് ഫസൽ കെ, നഹാൻ കെ സാലി എന്നിവർ പങ്കെടുത്തു.

സെലക്ഷൻ ട്രയൽസ് 21ന്

കാലടി: ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയുടെ പുരുഷ - വനിത ബാഡ്മിന്റൺ ടീം രൂപീകരിക്കുന്നതിനുള്ള സെലക്ഷൻ ട്രയൽസ് 21ന് രാവിലെ 11.30ന് കാലടി മുഖ്യ ക്യാംപസിൽ നടക്കും. 2024 ജൂലൈ ഒന്നിന് 25 വയസ്തികയാത്ത വിദ്യാർത്ഥികൾക്ക്പങ്കെടുക്കാം. താല്പര്യമുള്ളവർ സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റുകളുടെ പകർപ്പുമായി കായിക വിഭാഗത്തിൽ ഹാജരാകണം.

CHANGE OF NAME

I, SHIHANI JALALUDEEN, PPTNO: L8012532, CHANAN CHERIL, ARATTUPUZHA NORTH P O, ALAPPUZHA hereby change my name as SHIHANI PUTHUPARAMBIL MUHAMMED SHERIF.

ഇടുക്കിയിൽ എടിഎം തകർത്ത് മോഷണ ശ്രമം; രണ്ട് ഇതര സംസ്ഥാന തൊഴിലാളികൾ പിടിയിൽ

ഇടുക്കി: നെടുംകണ്ടത്തിനു സമീപം പാറത്തോട്ടിൽ എടിഎം കവർച്ച ചെയ്യാൻ ശ്രമിച്ച സംഭവത്തിൽ രണ്ട് ഇതര സംസ്ഥാന തൊഴിലാളികൾ പിടിയിൽ. മധ്യപ്രദേശ് മണ്ഡല സ്വദേശികളായ രാംസായി, ദരുൺ സായി എന്നിവരെയാണ് ഉടുമ്പൻചോല പൊലീസ് അറസ്റ്റ് ചെയ്തത്. സിസിടിവി ദൃശ്യങ്ങൾ അടിസ്ഥാനമാക്കി നടത്തിയ അന്വേഷണത്തിലാണ് പ്രതികൾ പിടിയിലായത്.
തിങ്കളാഴ്ച രാത്രിയിലാണ് നെടുംകണ്ടം പാറത്തോട്ടിൽ പ്രവർത്തിക്കുന്ന സ്വകാര്യ കമ്പനിയുടെ എടിഎം തകർത്ത് പണം മോഷ്ടിക്കാൻ ശ്രമം നടന്നത്. രാത്രിയിൽ കൗണ്ടറിൽ എത്തിയ രാം സായിയും ദരുൺ സായിയും ആദ്യം എടിഎമ്മിൽ നിന്ന് പണം എടുത്തു.
പുറത്ത് ഇറങ്ങിയ ശേഷം മുഖം മറച്ചു തിരികെ എത്തി എടിഎം തകർക്കാൻ ശ്രമിക്കുകയുമായിരുന്നു. എന്നാൽ എടിഎം പൂർണമായും തകർത്ത് പണം എടുക്കാൻ ഇവർക്ക് സാധിച്ചില്ല. സംഭവം അറിഞ്ഞ ഉടൻ തന്നെ പോലീസ് കൗണ്ടറിന് ഉള്ളിൽ നിന്നുള്ള സിസിടിവി ദൃശ്യങ്ങൾ ശേഖരിച്ച് മേഖലയിലെ ഏലത്തോട്ടങ്ങളിൽ ജോലി ചെയ്യുന്ന തൊഴിലാളികളെ കേന്ദ്രീകരിച്ച് അന്വേഷണം തുടങ്ങി. രാംസായി പാറത്തോട്ടിലെ ഏലക്കാ സ്റ്റോറിലും ദരുൺ സായി ഉടുമ്പൻചോല ചെമ്മണ്ണാറിലെ ഏലത്തോട്ടത്തിലുമാണ് ജോലി ചെയ്ത് വന്നിരുന്നത്. മോഷണ ശ്രമത്തിന് ശേഷം പ്രതികളിലൊരാൾ നാട് വിടാൻ ശ്രമിയ്ക്കുന്നതിനിടെ ആയിരുന്നു അറസ്റ്റ്.
കട്ടപ്പന എ എസ് പി യുടെ നേതൃത്വത്തിൽ ഉടുമ്പൻചോല പൊലീസ് മൂന്ന് ടീമുകളായി തിരിഞ്ഞ് സൈബർ സെൽ സഹായത്തോടെയാണ് അന്വേഷണം നടത്തിയത്.
രാം സായി വർഷങ്ങളായി പാറത്തോട്ടിലെ ഏലക്ക സ്റ്റോറിലാണ് ജോലി ചെയ്യുന്നത്. മൂന്ന് ആഴ്ച മുമ്പാണ് ദരുൺ ജോലിക്കായി ചെമ്മണ്ണാറിൽ എത്തിയത്. മധ്യപ്രദേശിൽ ഇരുവരും അയൽ വാസികളാണ്. ദരുൺ സായി മധ്യപ്രാദേശിൽ മോഷണ കേസിൽ പ്രതിയാണ്. തിങ്കളാഴ്ച രാത്രിയിൽ പറത്തോട്ടിലെ ജോലി സ്ഥലത്ത് ഒത്തുചേർന്ന ഇരുവരും എടിഎം കവർച്ച ചെയ്യാൻ പദ്ധതി ഒരുക്കുകയായിരുന്നു. പ്രതികളെ സംഭവ സ്ഥലത്ത് എത്തിച്ചു തെളിവെടുപ്പ് നടത്തി.

ടാറ്റ ക്യാപിറ്റൽ ലിമിറ്റഡ്

റെജി. ഓഫീസ്: 11-ാം നില, ടവർ-എ, പെനിൻസുല ബിസിനസ് പാർക്ക്, ഗണപത് റാവു കദം മാർഗ്, ലോവർ പരേൽ, മുംബൈ-400 013, ബ്രാഞ്ച് വിലാസം: ഒന്നാം നില, പുത്തൂരാൻ പ്ലാസ, കെപിസിസി ജംഗ്ഷൻ, എം ജി റോഡ്, കൊച്ചി, കേരളം-682011

സ്ഥാവര വസ്തുക്കളുടെ വിൽപ്പനയ്ക്കുള്ള വിൽപ്പന അറിയിപ്പ്

സെക്യൂരിറ്റി ഇന്ററസ്റ്റ് (എൻഫോഴ്സ്മെന്റ്) റൂൾസ്, 2002 റൂൾ 8(6) R/W 9(1)

2002ലെ സെക്യൂരിറ്റൈസേഷൻ ആൻഡ് റീ കൺസ്ട്രക്ഷൻ ഓഫ് ഫിനാൻഷ്യൽ അസറ്റ്സ് ആൻഡ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് ആക്റ്റ്, സെക്യൂരിറ്റി ഇന്ററസ്റ്റ് (എൻഫോഴ്സ്മെന്റ്) റൂൾസ്, 2002 റൂൾ 8(6) R/W 9(1) വ്യവസ്ഥ ചേർത്തു വായന പ്രകാരം സ്ഥാവര വസ്തുക്കളുടെ വിൽപ്പനയ്ക്കുള്ള ഇ-ലേല വിൽപ്പന നോട്ടീസ്.

ലോൺ അക്കൗണ്ട് നമ്പർ.TCFLA0470000011024091: മിസ്റ്റർ മുടിലുംപള്ളിൽ മീദിൻ ഹസൻ

ടാറ്റ ക്യാപ്പിറ്റൽ ലിമിറ്റഡ് (ടി സി എൽ) കമ്പനി ആക്റ്റ് 1956-ലെ വ്യവസ്ഥകൾ പ്രകാരം ഒരു നോൺ-ബാങ്കിംഗ് ഫിനാൻസ് കമ്പനിയാണെന്നും , ടാറ്റ ക്യാപിറ്റൽ ലിമിറ്റഡ് പെനിൻസുല ബിസിനസ് പാർക്ക്, ടവർ എ, 11-ാം നില, ഗണപത്റാവു കദം മാർഗ്, ലോവർ പരേൽ, മുംബൈ- 400013, എന്നതിൽ അതിൻറെ രജിസ്ട്രേഡ് ഓഫീസും , കൊച്ചിയിലെ മറ്റ് സ്ഥലങ്ങളിൽ ഒരു ബ്രാഞ്ച് ഓഫീസ് ('ബ്രാഞ്ച്') ഗ്രൗണ്ട് ഫ്ലോർ, ജയിൻ ടവർ-II, എൻഎച്ച് 17, നിയർ ലുലു മാൾ, ഇടപ്പള്ളി, കൊച്ചി - 682024 ഉണ്ടെന്നും ഇതിനാൽ അറിയിക്കുന്നു .
കമ്പനി ആക്റ്റ്, 2013 ('മുകളിൽ പറഞ്ഞ സ്കീം') ന്റെ മറ്റ് ബാധകമായ വ്യവസ്ഥകൾ എന്നിവയോടൊപ്പം സെക്ഷൻ 230 മുതൽ 232 വരെയുള്ള വകുപ്പുകൾ പ്രകാരം ടാറ്റ ക്യാപിറ്റൽ ഫിനാൻഷ്യൽ സർവീസസ് ലിമിറ്റഡും ('TCFSL') ടാറ്റ ക്ലീൻടെക് ക്യാപിറ്റൽ ലിമിറ്റഡും ('TCCL') ടാറ്റ ക്യാപിറ്റൽ ലിമിറ്റഡ് ,നാഷണൽ കമ്പനി ലോ ട്രിബ്യൂണൽ (NCLT) മുംബൈ 24.11.2023 ലെ ഓർഡറുകൾ പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയും , നിലവിൽ ട്രാൻസ്ഫെറർ കമ്പനികളുടെ , എല്ലാ പ്രോപ്പർട്ടികൾ, ആസ്തികൾ, അവകാശങ്ങൾ, ആനുകൂല്യങ്ങൾ, പലിശ, കടമകൾ, ബാധ്യതകൾ, ബാധ്യതകൾ, കരാറുകൾ, കരാറുകൾ, സെക്യൂരിറ്റികൾ എന്നിവയോടൊപ്പം 01.01.2024 പ്രകാരം പ്രസ്തുത ഓർഡറിനും സ്കീമിനും അനുസൃതമായി, TCL-മായി ലയിപ്പിച്ചു. TCFSL നടപ്പിലാക്കിയ എല്ലാ രേഖകളും അവയുമായി ബന്ധപ്പെട്ട എല്ലാ കുടിശ്ശികകളും അപേക്ഷക കമ്പനിക്ക് കൈമാറിയിട്ടുണ്ട്, അതിനാൽ ടാറ്റ ക്യാപ്പിറ്റൽ ലിമിറ്റഡിന് TCL-ന് [ക്ടം വാങ്ങുന്നവരിൽ നിന്ന്/സഹ-വായ്പക്കാരിൽ] നിന്ന് അത് ക്ലെയിം ചെയ്യാൻ അർഹതയുണ്ട്.
ടാറ്റ ക്യാപിറ്റൽ ലിമിറ്റഡിനു (സെക്യേർഡ് ക്രെഡിറ്റർ/ടിസിഎൽ) ജാമ്യമായി നൽകിയിരിക്കുന്ന താഴെപ്പറയുന്ന സ്ഥാവര വസ്തുക്കൾ ടാറ്റ ക്യാപിറ്റൽ ലിമിറ്റഡിന്റെ (സെക്യേർഡ് ക്രെഡിറ്റർ) അംഗീകൃത ഓഫിസർ ജപ്തി ചെയ്ത് ഏറ്റെടുത്തിട്ടുള്ളതാണെന്നും പ്രസ്തുത വസ്തുക്കൾ ""എവിടെയാണോ ഉള്ളത്" & ""എന്താണോ ഉള്ളത്", ""എന്തൊക്കെയാണോ ഉള്ളത്" അടിസ്ഥാനത്തിലും ""തിരിച്ചെടുക്കാനാവാത്ത അടിസ്ഥാനത്തിലും" 11 നവംബർ 2024ന് വിൽപ്പന നടത്തുന്നതാണെന്നും പൊതുജനങ്ങൾക്കു പൊ തുവായും താഴെപ്പറയുന്ന വായ്പ്പക്കാരൻ/ സഹ-വായ്പ്പക്കാരൻ എന്നിവർക്കു പ്രത്യേകിച്ചും ഇതിനാൽ നോട്ടീസ് നൽകുന്നു.
എന്തെന്നാൽ, സെക്യേർഡ് അസറ്റിന്റെ വിൽപ്പന നടത്തുന്നത് സെക്യേർഡ് വായ്പ, കുടിശിക തുക രൂപ 3,13,59,804/- (മൂന്നു കോടി പതിമൂന്നു ലക്ഷത്തി അമ്പത്തൊമ്പതിനായിരത്തി എണ്ണൂറ്റിനാലു രൂപ മാത്രം), ലോൺ അക്കൗണ്ട് TCFLA0470000011024091ൽ, 14-10-2024 വരെയുള്ളത്, വായ്പക്കാർ & സഹ- വായ്പക്കാർ/ഗ്യാരന്റർമാർ അതായത് (1) മിസ്റ്റർ മുടിലുംപള്ളിൽ മീദിൻ ഹസൻ, മുടിലുംപള്ളിൽ ഹൗസ്, കാഞ്ഞിരമറ്റം, ആമ്പല്ലൂർ, മരിത്താഴം, കാഞ്ഞിരമറ്റം പോസ്റ്റ്, എറണാകുളം-682315; (2) മെസേഴ്സ് മഹിമ ജ്വല്ലറി, പ്രതിനിധീകരിക്കുന്നത് അതിന്റെ മാനേജിങ് ഡയറക്റ്റർ മിസ്റ്റർ മുടിലുംപള്ളിൽ മീദിൻ ഹസൻ, മുള്ളുങ്ങൽ ജംഷൻ, കാഞ്ഞിരമറ്റം, ആമ്പല്ലൂർ, എറണാകുളം-682315; (3) മിസിസ് സബീൻ എ, W/o മുടിലുംപള്ളിൽ മീദിൻ ഹസൻ, മുടിലുംപള്ളിൽ ഹൗസ്, കാഞ്ഞിരമറ്റം, ആമ്പല്ലൂർ, മരിത്താഴം, കാഞ്ഞിരമറ്റം പോസ്റ്റ്, എറണാകുളം-682315 എന്നിവരിൽ നിന്ന് തിരിച്ചുപിടിക്കുന്നതിനാണ്.
വിൽപ്പന നീട്ടി വയ്ക്കുക/റദ്ദാക്കുക ചെയ്യാത്ത പക്ഷം ഈ പ്രോപ്പർട്ടി 2024 നവംബർ 11ന് ഉച്ചകഴിഞ്ഞ് 2.00ന്, ഒന്നാം നില, പുത്തൂരാൻ പ്ലാസ, കെപിസിസി ജംക്ഷൻ, എംജി റോഡ്, കൊച്ചി, കേരള-682011 വിലാസത്തിൽ ബ്രാഞ്ച് ഓഫിസ് ഉള്ള ടിസിഎൽ ഇ- ലേലം വഴി വിൽപ്പന നടത്തുന്നതാണെന്ന് ഇതിനാൽ നോട്ടീസ് നൽകുന്നു.
പ്രോപ്പർട്ടി വാങ്ങുന്നതിനുള്ള മുദ്രവച്ച ഇ-ലേല രേഖകൾ ഇഎംഡി ഡിമാൻഡ് ഡ്രാഫ്റ്റ് അടക്കം ടാറ്റ ക്യാപ്പിറ്റൽ ലിമിറ്റഡിന്റെ അംഗീകൃത ഓഫിസർ 2024 നവംബർ 08ന് വൈകിട്ട് 5.00 വരെ സ്വീകരിക്കും.

ജാമ്യ വസ്തുവിന്റെ വിശദാംശങ്ങൾ	ജപ്തിയുടെ തരം കൺസ്ട്രക്റ്റീവ്/ ഫിസിക്കൽ	റിസർവ് തുക (രൂപ)	നിരതദ്രവ്യ തുക ഇഎംഡി (രൂപ)
ആമ്പല്ലൂർ വില്ലേജിൽ റീ സർവെ നമ്പർ 593/1, ബ്ലോക്ക് നമ്പർ 22 (ഓൾഡ് സർവെ നമ്പർ 464/6)ൽ 0.40 ആർ, റീ സർവെ നമ്പർ 592/2, (ഓൾഡ് സർവെ നമ്പർ 511/1, 511)ൽ 7.96 ആർ എന്നിങ്ങനെ അളവുവരുന്ന ഭൂമി, മൊത്തം അളവ് 8.36 ആർ (20.66 സെന്റ്) മുഴുവൻ അവകാശങ്ങളോടെയും, ആമ്പല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 15/580 ഡോർ നമ്പരുള്ള കെട്ടിടം സഹിതം. പ്രോപ്പർട്ടി സ്ഥിതിചെയ്യുന്നത് എറണാകുളം ജില്ല, മുളന്തുരുത്തി സബ് ജില്ല, കണയന്നൂർ താലൂക്ക്, ആമ്പല്ലൂർ വില്ലേജ്, കാഞ്ഞിരമറ്റം ദേശം, ആമ്പല്ലൂർ പഞ്ചായത്ത്, ടൈറ്റിൽ ഡീഡ് പ്രകാരം (സെയിൽ ഡീഡ് നമ്പർ 2092/2014) അതിർത്തികൾ: കിഴക്ക്- അജ്മലിന്റെ പ്രോപ്പർട്ടി, തെക്ക്- പാത്തുമ്മയുടെ പ്രോപ്പർട്ടി, പടിഞ്ഞാറ്- പഞ്ചായത്ത് റോഡ്, വടക്ക്- പിഡബ്ല്യുഡി റോഡ്.	ഫിസിക്കൽ	Rs.2,03,22,000/- (രൂപ രണ്ടു കോടി മൂന്നു ലക്ഷത്തി ഇരുപത്തിരണ്ടായിരം മാത്രം)	Rs.20,32,200/- (രൂപ ഇരുപതു ലക്ഷത്തി മുപ്പത്തിരണ്ടായിരത്തി ഇരുനൂറ് മാത്രം)

മുകളിൽ വിവരിച്ച പ്രകാരം സുരക്ഷിതമായ അസറ്റിനുള്ളിലും അതിനകത്തും കിടക്കുന്ന ഏതെങ്കിലും ജംഗമ വസ്തുക്കൾ/ഹൗസ് ഹോൾഡ് ഇൻവെന്ററി, ലേല വിൽപ്പന അറിയിപ്പിൽ പ്രത്യേകമായി വിവരിച്ചിട്ടില്ലെങ്കിൽ വരെ, സുരക്ഷിത അസറ്റിനൊപ്പം വിൽപ്പനയ്ക്ക് ലഭ്യമാകില്ല. മേൽപ്പറഞ്ഞ പ്രകാരമുള്ള തുകയും പലിശയും ചെലവും (വിൽപ്പനയുടെ വിലയുൾപ്പെടെ) അംഗീകൃത ഓഫീസർക്ക് ടെൻഡർ ചെയ്യുകയോ അല്ലെങ്കിൽ അത്തരത്തിലുള്ള സുരക്ഷിതമായ കടത്തിന്റെ തുക, പലിശ, ചെലവുകൾ എന്നിവ തൃപ്തിപ്പെടുത്തുന്നതിന് തെളിവ് നൽകുകയോ ചെയ്താൽ വിൽപ്പനയും നിർത്തപ്പെടും. പണം നൽകി. വിൽപ്പനയിൽ, പൊതുവെ പൊതുജനങ്ങളെ അവരുടെ ടെൻഡർ വ്യക്തിപരമായി സമർപ്പിക്കാൻ ക്ഷണിക്കുന്നു. ഈ വിൽപ്പനയുമായി ബന്ധപ്പെട്ട് ഏതെങ്കിലും ഉദ്യോഗസ്ഥനോ മറ്റ് വ്യക്തികളോ, നേരിട്ടോ അല്ലാതെയോ ലേലം വിളിക്കുകയോ, വിറ്റ വസ്തുവിൽ എന്തെങ്കിലും പലിശ വാങ്ങുകയോ, ഏറ്റെടുക്കുകയോ ചെയ്യരുത്. 2002 ലെ SARFAESI ആക്ട് പ്രകാരം നിർദ്ദേശിച്ചിരിക്കുന്ന നിയമങ്ങൾ/ വ്യവസ്ഥകൾക്ക് വിധേയമായിരിക്കും വിൽപ്പന. 11 നവംബർ 2024ന് ഉച്ചകഴിഞ്ഞ് 2.00 മുതൽ 3.00 വരെ 10 മിനിറ്റ് വിതം പരിധിയില്ലാത്ത വിപുലീകരണത്തോടെ https://bankauctions.in എന്ന പോർട്ടലിലൂടെ ഇ-ലേലം നടക്കും. പ്രോപ്പർട്ടി വാങ്ങുന്നതിനായി സമർപ്പിച്ച എല്ലാ ബിഡുകളും "ടാറ്റയ്ക്ക് അനുകൂലമായ ഒരു ഡിമാൻഡ് ഡ്രാഫ്റ്റ് മുഖേന മുകളിൽ സൂചിപ്പിച്ചതുപോലെ നിരതദ്രവ്യ തുകയ്ക്കൊപ്പം ഉണ്ടായിരിക്കും, ക്യാപിറ്റൽ ലിമിറ്റഡ്" തൃശ്ശൂരിൽ നൽകണം. വസ്തുവിന്റെ പരിശോധന 30 ഒക്ടോബർ 2024ന് രാവിലെ 11.00 മുതൽ വൈകുന്നേരം 5.00 വരെ നടത്താം.
കുറിപ്പ്: ലേലം വിളിക്കാൻ ഉദ്ദേശിക്കുന്നവർക്ക് അംഗീകൃത ഓഫീസർ ശ്രീ. രാകേഷ് ഡോണി കൊക്കാട്ടുമായി ബന്ധപ്പെടാം. ഇമെയിൽ ഐഡി: rakesh.kokkattu@tatacapital.com, മൊബൈൽ നമ്പർ. +916282658079.
വിൽപ്പനയുടെ വിശദമായ നിബന്ധനകൾക്കും വ്യവസ്ഥകൾക്കും, സുരക്ഷിത കടക്കാരിൽ നൽകിയിരിക്കുന്ന ലിങ്ക് പരിശോധിക്കുക. വെബ്സൈറ്റ്. അതായത് https://bit.ly/4f6Q6qf

സ്ഥലം: കൊച്ചി (കേരളം) ഒപ്പ് /- അംഗീകൃത ഓഫീസർ
തിയതി: 18-10-2024 ടാറ്റ ക്യാപ്പിറ്റൽ ലിമിറ്റഡ്

INDIAN RAILWAY CATERING AND TOURISM CORPORATION LTD.
(A Government of India Enterprise - Mini Ratna)
CIN : L74899DL1999GOI101707

IRCTC LiFE Lifestyle for Environment

IRCTC invites:-
1. Open E-Bid (Two packet bid) for Third Party Food Safety and Hygiene Audit in IRCTC managed 510 Mobile and 540 static units for a period of One year.
Last date of submission: 04.11.2024 till 1500 hrs.

For details visit www.irctc.com & www.tenderwizard.com/IRCTC. Document downloading and participation can only be done on www.tenderwizard.com/IRCTC.
In case of any corrigendum/addendum issued on the above advertisement, it will be published only on www.irctc.com, www.tenderwizard.com/IRCTC.

ecatering.irctc.co.in
GM/Q&P, 10th Floor, Statesman House, B-148, Barakhamba Road, Connaught Place, New Delhi-110 001; Tel.: 011-23311263/64, Fax: 011-23311259

കേരള സർക്കാർ

നാലാം 100 ദിന കർമ്മപരിപാടി

ഉന്നതവിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ പൂർത്തിയാക്കിയ
12 കോടി രൂപയുടെ പദ്ധതികൾ
ഉദ്ഘാടനം

ഡോ. ആർ ബിന്ദു
ബഹു. ഉന്നതവിദ്യാഭ്യാസം, സാമൂഹ്യനീതി വകുപ്പ് മന്ത്രി

18 ഒക്ടോബർ 2024
വെള്ളിയാഴ്ച

10 AM
സെന്റ് തോമസ് കോളേജ്, റാന്നി (റൂസാ ഫണ്ട്)
1.5 കോടി രൂപയുടെ
സെമിനാർ ഹാൾ, അക്കാദമിക് ബ്ലോക്ക്
ടോയ്‌ലറ്റ് ബ്ലോക്ക്, 5 KW പവർ പ്ലാന്റ്

11 AM
ഗവ. പോളിടെക്നിക്, വെച്ചൂച്ചിറ
3.5 കോടി രൂപയുടെ
പുതിയകെട്ടിടം
6 കോടി രൂപയുടെ
ഹോസ്റ്റൽ കോംപ്ലക്സ്

2 PM
എൻഎസ്എസ് കോളേജ്, ചങ്ങനാശ്ശേരി (റൂസാ ഫണ്ട്)
1 കോടി രൂപയുടെ
ആംഫി തീയറ്റർ

ബഹു. എംഎൽഎമാരായ
ശ്രീ. പ്രമോദ് നാരായണൻ,
അഡ്വ. ജോബ് മൈക്കിൾ
എന്നിവർ വിവിധ കേന്ദ്രങ്ങളിൽ അദ്ധ്യക്ഷത വഹിക്കും.
ബഹു. എംപിമാർ
മറ്റു ജനപ്രതിനിധികൾ
പങ്കെടുക്കും

RUSA
കേരള സർക്കാർ
ഉന്നത വിദ്യാഭ്യാസ വകുപ്പ്
ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ്